**<u>സർക്കുലർ</u>**

134/1//NSS/DHSE/2017 13/11/2017

ഓരോ വർഷവും കോടിക്കണക്കിന് തീർത്ഥാടകർ എത്തുന്ന ദേശീയ തീർത്ഥാടന കേന്ദ്രമായ ശബരിമലയെ മാലിന്യരഹിതമായി സംരക്ഷിക്കാൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് മിഷൻ ഗ്രീൻ ശബരിമല. ഏകദേശം രണ്ട് കോടി ഭക്തജനങ്ങൾ എത്തുന്ന ശബരിമലയെ മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ കഠിന പ്രയത്നം ചെയ്യുന്ന നിരവധി ഏജൻസികളോടൊപ്പം കേരളത്തിലെ ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും കൈകോർത്ത് പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം പത്തനംതിട്ട ജില്ലയിലെ എല്ലാ എൻഎസ്എസ് വോളണ്ടിയർമാരും മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി പ്രവർത്തിച്ചു. എല്ലാ ഹയർ സെക്കണ്ടറി വോളണ്ടിയർമാരും ഈ വർഷം ശബരിമലയിലേയ്ക്ക് മാലിന്യം എത്തുന്നത് തടയുന്നതിനു വേണ്ട ബോധവൽക്കരണം നടത്തുന്നു.

ബോധവൽക്കരണവുമായി ബന്ധപ്പെട്ടു നടപ്പിലാക്കേണ്ട കാര്യങ്ങൾ

1. പ്ലാസ്റ്റിക് കവറുകളും ക്യാരി ബാഗുകളും പൂർണ്ണമായും ഒഴിവാക്കപ്പെടണമെന്നും ഇതിനായി പേപ്പർ കവറുകളും തുണി സഞ്ചികളും ഉപയോഗിക്കണമെന്നും വ്യാപകമായി പ്രചരിപ്പിക്കണം.
2. തീർത്ഥാടകർ കൊണ്ടുപോകുന്ന സാധനങ്ങൾ (പ്ലാസ്റ്റിക്ക്, തുണി, ബോട്ടിലുകൾ മുതലായവ) ശബരിമലയിൽ ഉപേക്ഷിക്കാതെ തിരികെ കൊണ്ടുവരുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം.
3. ഓരോ തീർത്ഥാടകനും ദർശന ശേഷം ശബരിമല-പമ്പ കേന്ദ്രീകരിച്ച് അര മണിക്കൂർ സമയമെങ്കിലും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാകണം എന്ന സന്ദേശം വ്യാപകമായി പ്രചരിപ്പിക്കണം.

4. ഓരോ വോളണ്ടിയറും പത്ത് തീർത്ഥാടകരെ വീതം നേരിട്ട് കണ്ട് ബോധവൽക്കരണം നടത്തിയാൽ 119800 വോളണ്ടിയർമാരിലൂടെ 1198000 തീർത്ഥാടകരിലേയ്ക്ക് മാലിന്യമുക്ത ശബരിമല എന്ന ആശയം എത്തിക്കാനും അവരെ അതിനു വേണ്ടി സജ്ജരാക്കുവാനും സാധിക്കുന്നതാണ്.
5. തീർത്ഥാടകർ കേന്ദ്രീകരിക്കുന്ന പ്രദേശങ്ങളിൽ വ്യാപകമായ പോസ്റ്റർ പ്രചരണങ്ങൾ നടത്തേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ